നം.എം.4/7210/15/ഡി.പി.ഐ.

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി, 23.09.2015.

# സർക്കുലർ

വിഷയം:- പൊതു വിദ്യാഭ്യാസം - സാമൂഹ്യനീതി വകുപ്പ് 2015 ഒക്ടോബർ 1 ലോകവയോജന ദിനാഘോഷ പരിപാടികൾ സംഘടിപ്പിക്കുന്നതിന്റെ ഭാഗമായി പൊതു വിദ്യാഭ്യാസ വകുപ്പ് നടത്തുന്ന പരിപാടികളെ - സംബന്ധിച്ച്.

സൂചന:- 04.09.2015 തീയതിയിലെ സാമൂഹ്യനീതി വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ നം.10902/സി2/2015 സാ.നീ.വ നമ്പർ കത്ത്.

***********

മേൽ സൂചന പ്രകാരം ലോക വയോജന ദിനാഘോഷ പരിപാടി 2015 ഒക്ടോബർ 1-ന് സംഘടിപ്പിക്കുന്നതിന്റെ ഭാഗമായി സാമൂഹ്യ നീതി വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ സെപ്റ്റംബർ 3-ന് ചേർന്ന യോഗത്തിൽ പൊതു വിദ്യാഭ്യാസ വകുപ്പ് മുഖേന നടപ്പാക്കേണ്ട വിവിധ പരിപാടികൾ അറിയിച്ചിട്ടുണ്ട്. ഇക്കാര്യങ്ങൾ നടപ്പാക്കുന്നതിന് വേണ്ടി താഴെ പറയുന്ന നിർദ്ദേശങ്ങൾ നൽകുന്നു.

## എ. സ്കൂൾതല സംഗമം.

(എ). എൽ.പി, യു.പി, ഹൈസ്കൂൾ, ഹയർ സെക്കന്ററി സ്കൂളുകൾ കേന്ദ്രീകരിച്ച് മുതിർന്ന പൗരരുടെ സംഗമങ്ങൾ സംഘടിപ്പിക്കുക. കുട്ടികൾ അവരുടെ മുത്തശ്ശി-മുത്തശ്ശൻമാരെ ഒക്ടോബർ ഒന്നിന് സ്കൂളുകളിലേക്ക് ക്ഷണിക്കുക. ഈ സംഗമത്തിൽ ചുവടെ ചേർക്കുന്ന കാര്യങ്ങൾ ചെയ്യാവുന്നതാണ്.

(ബി). ജീവിതാനുഭവങ്ങൾ പങ്കിടൽ, ജീവിതത്തിൽ ആവേശവും സന്തോഷവും ഉണ്ടാക്കിയ സന്ദർഭങ്ങൾ, നാടിന്റെ വികസനത്തിനായി നൽകിയ സംഭാവനകൾ തുടങ്ങിയവ അവതരിപ്പിക്കൽ.

(സി). സ്കൂളിൽ പഠിച്ച് പ്രമുഖരായവരും അവരുടെ സംഭാവനകൾ അവതരിപ്പിക്കൽ.

(ഡി). കലാപരിപാടികൾ-സംഘപരിപാടികളും, വ്യക്തിതല പരിപാടികളും ഉൾപ്പെടുത്തേണ്ടതാണ്.

(ഇ). മുതിർന്ന പൗരരുടെ കുട്ടിക്കാലത്തെ 'വികൃതിയും പ്രകൃതിയും' അവതരിപ്പിക്കാനുള്ള അവസരങ്ങൾ, കുട്ടിക്കാലത്ത് ചെയ്ത വികൃതികൾ - അവയിൽ നിന്ന് പിന്നീട് പഠിച്ച കാര്യങ്ങൾ ജീവിതത്തിൽ വരുത്തിയ മാറ്റങ്ങൾ എന്നിവയും ഉൾപ്പെടുത്താം.

(എഫ്). വയോജന പരിപാടികൾ ആലോചിക്കുന്നതിനും തനത് പരിപാടികൾ ആവിഷ്ക്കരിക്കുന്നതിനും സ്കൂൾ തലത്തിൽ കുട്ടികളുടേതായ ഒരു സംഘത്തിന് രൂപം നൽകാവുന്നതാണ്. ഇവർക്ക് മേൽപറഞ്ഞിരിക്കുന്ന പ്രവർത്തനങ്ങളെ കൂടുതൽ മികവുറ്റതാക്കാനും കൂട്ടിച്ചേർക്കാനും അവസരം നൽകാവുന്നതാണ്.

(ജി). ഒക്ടോബർ-1 ന് പരിപാടികൾ ആരംഭിക്കേണ്ടത് കുട്ടികളും മുതിർന്ന പൗരരും പങ്കെടുക്കുന്ന പൊതു സഭയിലൂടെ (അസംബ്ലി) ആയിരിക്കണം. ഇതിൽ വയോജന സന്ദേശം വായിച്ചുകൊണ്ടായിരിക്കണം പരിപാടികൾക്ക് തുടക്കം കുറിക്കുക. ഇതിനുള്ള സന്ദേശകുറിപ്പ് സംസ്ഥാനതലത്തിൽ തയ്യാറാക്കി നൽകുന്നതാണ്.

തങ്ങളുടെ പഴയ ക്ലാസ്സ് മുറികൾ, കളിസ്ഥലം, സ്റ്റേജ്, തുടങ്ങിയയിടങ്ങളിൽ കുട്ടികൾക്ക് ഒപ്പം ചെലവിടുന്നതിനും ഒന്നിച്ചുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനും സഹായകമായ രീതിയിൽ മേൽ പറഞ്ഞ പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്താവുന്നതാണ്.

## (ബി). കുട്ടികൾക്കായി ലേഖന മത്സരം

'വയോജന സൗഹൃദ നാട്' എന്ന വിഷയത്തെ അടിസ്ഥാനമാക്കി സ്കൂൾ തലത്തിൽ ലേഖനം/ചിത്രരചന/പെയിന്റിംഗ് മത്സരം-സ്കൂൾ തലവും വിദ്യാഭ്യാസ ജില്ലാതലത്തിൽ നടത്താം. വിദ്യാഭ്യാസ ജില്ലാതലത്തിൽ പ്രത്യേക സമ്മാനങ്ങൾ നൽകുന്നതാണ്. ജില്ലാതല സമ്മാനങ്ങൾ ജില്ലാ സാമൂഹ്യനീതി ഓഫീസിൽ നിന്നും ലഭ്യമാക്കുന്നതാണ്.

## (സി) വയോജന സൗഹൃദ നാട് - കുട്ടികൾ തയ്യാറാക്കുന്ന നയരേഖ

ജൂൺ 15-ന് 'World Elderly Abuse Awareness Day' ദിനാചരണത്തിന്റെ ഭാഗമായി സ്റ്റുഡന്റ്സ് പോലീസ് കേഡറ്റിന്റെ നേതൃത്വത്തിൽ നടന്ന 'ഇന്നലെയിൽ നിന്നും നാളയെ തേടി' എന്ന പരിപാടിയുടെ ഭാഗമായി കുട്ടികൾ മുതിർന്ന പൗരരെ കണ്ടെത്തി ജീവിതാനുഭവങ്ങളും ജീവിത സാഹചര്യവും മനസ്സിലാക്കിയിരുന്നു. ഈ സംഘത്തിന്റെ നേതൃത്വത്തിൽ മുതിർന്ന പൗരരുടെ ജീവിതാവസ്ഥ മെച്ചപ്പെടുത്തുന്നതിന് ഏറ്റെടുക്കേണ്ട പ്രവർത്തനത്തെ സംബന്ധിച്ച് കുട്ടികളുടെ നേതൃത്വത്തിൽ ഒരു നയരേഖ തയ്യാറാക്കുന്നതാണ്. പ്രസ്തുത നയരേഖ ജില്ലാടിസ്ഥാനത്തിലുള്ള ശിൽപശാലയിൽ അവതരിപ്പിക്കുകയും അവിടെ വരുന്ന നിർദ്ദേശങ്ങൾ കൂട്ടി ചേർത്ത് ജില്ലയിൽ നിന്നും ഒരു ടീം വീതം (രണ്ടു പേർ) പങ്കെടുക്കുന്ന സംസ്ഥാന ശിൽപശാലയും സംഘടിപ്പിക്കുന്നതാണ്. ഈ ശിൽപശാലയിൽ ജില്ലയിൽ നിന്നും തെരഞ്ഞെടുത്ത രണ്ട് സ്റ്റുഡന്റ് കേഡറ്റ് പോലീസുമാരും സംസ്ഥാന വകുപ്പ് തലവന്മാരും പങ്കെടുക്കുന്ന ഒരു സംസ്ഥാന ശിൽപശാല സംഘടിപ്പിക്കുന്നതാണ്. ഇത് സെപ്റ്റംബർ 29,30-ന് നടത്താവുന്നതാണ്. ഈ പരിപാടി കേരള സാമൂഹ്യ സുരക്ഷാമിഷനും, സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് വിഭാഗവും സംയുക്തമായി സംഘടിപ്പിക്കുന്നതാണ്.

കുട്ടികൾക്കായി നടത്തുന്ന വ്യത്യസ്ത മത്സരങ്ങൾ പ്രത്യേക അസംബ്ലി എന്നിവ എല്ലാ സ്കൂളുകളിലും സംഘടിപ്പിക്കേണ്ടതാണ്. മറ്റ് പ്രവർത്തനങ്ങൾ സ്കൂളിന്റെ സാഹചര്യങ്ങൾക്കനുസരിച്ച് കൂട്ടിച്ചേർക്കൽ വരുത്തുന്നതിനും നൂതന പരിപാടികൾ ആവിഷ്ക്കരിക്കുന്നതിനുമുള്ള സ്വാതന്ത്ര്യം എല്ലാ സ്കൂളുകൾക്കും ഉണ്ടായിരിക്കും.

മേൽ പറഞ്ഞിരിക്കുന്ന പരിപാടികൾ സംഘടിപ്പിക്കുന്നതിന് എല്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർമാരും അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

വി.എൽ.വിശലത
പൊതു വിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (അക്കാദമിക്)
**പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി**

എല്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർമാർക്കും.
എല്ലാ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും (വിദ്യാഭ്യാസ ഉപ ഡയറക്ടർമാർ മുഖേന)
ഡയറക്ടർ, സാമൂഹ്യ നീതി വകുപ്പ് (അറിവിലേക്ക്)

KR/